പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി നൽകിയത് സംബന്ധിച്ച വിവരം

122 [285] ശ്രീ. ജോണി നെല്ലൂർ:

,, എ. എൻ. രാജൻ ബാബു:

,, കെ. കെ. ഷാജു:

,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി നൽകിയോയെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഇനിയും എത്രമാത്രം സ്ഥലം ഇവർക്കു നൽകുവാൻ നടപടി സ്വീകരിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ആദിവാസികൾക്ക് സ്ഥലം നൽകുന്നതിന് കാലതാമസം ഒഴിവാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരും നാമമാത്രമായ ഭൂമിയുള്ളവരുമായ 2245 ആദിവാസി കുടുംബങ്ങൾക്ക് 3210.38 ഏക്കർ ഭൂമി വിവിധ ഘട്ടങ്ങളിലായി വിതരണം നടത്തിയിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്കുകളുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.†

(സി) ഇവർക്ക് നൽകാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.†

(ഡി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15 മന്ത്രിമാരടങ്ങുന്ന മന്ത്രിസഭാ ഉപസമിതി ഭൂമി വിതരണത്തിന്റെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതാധികാര കമ്മിറ്റി ആദിവാസികൾക്ക് ഭൂമി നൽകുന്ന നടപടി ത്വരിതപ്പെടുത്തുന്നതിലേക്കായി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ആദിവാസി പുനരധിവാസ വികസന മിഷൻ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് ത്വരിതപ്പെടുത്തുന്നു. ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാ പുനരധിവാസ മിഷനുകളും ഇതിനായി പ്രവർത്തിക്കുന്നു.

---

† നിയമസഭാലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly